മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : ബഹുമാനപ്പെട്ട നാരായണൻ പറഞ്ഞ സംഭവം ശരിയാണ്. പത്ത് പേർക്ക് മാത്രം യാത്ര ചെയ്യാനുള്ള കപ്പാസിറ്റിയാണ് ഈ വള്ളത്തിനുള്ളത്. അതിൽ 24 ആളുകൾ കയറിയതാണ് ഈ അപകടമുണ്ടാകാൻ കാരണം. മണ്ട് പേർ മരിച്ചു. ചില ആളുകളെ ആശുപത്രിയിൽ കൊണ്ടുപോയി എങ്കിലും അവരാരും അപകട നിലയിലല്ല. ഇതുപോലെയുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ ഗവണ്മെന്റിന് ചില പ്രത്യേക രീതിയിലുള്ള നോംസുണ്ട്. അതനുസരിച്ച് ചെയ്യുക എന്നല്ലാതെ ശ്രീ. നാരായണൻ പറയുന്ന രീതിയിലുള്ള സഹായം എത്തിക്കാൻ കഴിയുമോ എന്ന കാര്യം സംശയമാണ്.

V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ,

(1) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2005 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തേക്കുള്ള കേരള ഗവൺമെന്റിനെ സംബന്ധിക്കുന്ന റിപ്പോർട്ടും (സിവിൽ)

(2) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2005 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തേക്കുള്ള കേരള ഗവൺമെന്റിനെ സംബന്ധിക്കുന്ന റിപ്പോർട്ടും (റവന്യൂ റെസീപ്റ്റ്സ്) ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

VI. റിപ്പോർട്ട് സമർപ്പണം

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ : റൂൾ 215 അനുസരിച്ച് ഞാനൊരു അമെന്റുമെന്റ് മൂവ് ചെയ്യുകയാണ്. ഞാൻ നോട്ടീസ് നൽകിയ റൂൾ 58 പ്രകാരമുള്ള ഡിസ്ക്കഷൻകൂടി ഉൾപ്പെടുത്തിക്കൊണ്ട്, കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് അഡോപ്റ്റ് ചെയ്യണമെന്ന അമന്റ്മെന്റ് ഞാൻ മൂവ് ചെയ്യുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : അത് അംഗീകരിക്കുന്നതിൽ ഗവൺമെന്റിന് സന്തോഷമുണ്ട്. 21-ാം തീയതി മുന്നുമണിക്കൂർ സമയം അനുവദിച്ചിട്ടുണ്ട്. 2 മണിക്കൂർ അജണ്ട പ്രകാരം മതി. ബാക്കി ഇതിനായി ഒരു മണിക്കൂർ ഉൾപ്പെടുത്തുന്നതിന് ഗവൺമെന്റിന് സമ്മതമാണ്

..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: മുഖ്യമന്ത്രിയുടെ ചുമതലയുള്ള മന്ത്രി ഇവിടെ വന്ന് ഈ രൂപത്തിൽ ചർച്ചയ്ക്ക് ഞങ്ങൾ സന്നദ്ധരാണ് എന്ന് പറഞ്ഞാൽ, പ്രതിപക്ഷാംഗങ്ങൾക്ക് ഇതിനെപ്പറ്റി സംസാരിക്കാനുണ്ട്. അല്ലാതെ ഏകപക്ഷീയമായി തീരുമാനമെടുക്കാൻ സാധിക്കില്ല. ഇത് കഴിഞ്ഞ കാലത്തെ കീഴ്വഴക്കമാണ്. ഞാൻ 10 കൊല്ലമായി എം.എൽ.എ. ആണ്. ബി.എ.സി. കൂടി ചർച്ച ചെയ്യട്ടെ. ഇതുപോലൊരു സംഭവം വേറെ ഉണ്ടായിട്ടില്ല. ബി.എ.സി. കൂടാതെ ഇത്തരം കാര്യങ്ങളെപ്പറ്റി പറയുന്നത്, ബഹുമാനപ്പെട്ട സ്പീക്കർ കൂടി പങ്കെടുത്തതാണല്ലോ. സ്പീക്കറുടെ അദ്ധ്യക്ഷതയിലാണ് യോഗം നടന്നത് ..... (ബഹളം) .....

മി. സ്പീക്കർ: എല്ലാവരും എഴുന്നേറ്റ് നിൽക്കേണ്ട കാര്യമില്ല.

VII. (എ) ക്രമപ്രശ്നം

കാര്യോപദേശക സമിതിയുടെ റിപ്പോർട്ടിൻമേൽ ഭേദഗതി കൊണ്ടുവരുന്നത് സംബന്ധിച്ച്

ശ്രീ. ടി. എം. ജേക്കബ്: സർ, ഇവിടെ ശ്രീ. എം. എം. ഹസ്സൻ റൂൾ 215 ആണ് പറഞ്ഞത്. റിപ്പോർട്ട് ഇവിടെ സമർപ്പിച്ചു. റൂൾ 215-ൽ പറയുന്നത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിനുശേഷം ഏതൊരു സമയത്തും റിപ്പോർട്ടിനോട് സഭ യോജിക്കുന്നു അല്ലെങ്കിൽ ഭേദഗതിയോടെ യോജിക്കുന്നു അല്ലെങ്കിൽ വിയോജിക്കുന്നു എന്നുള്ള ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ് എന്നാണ്. ആ വിഷയം ഇവിടെ വന്നിട്ടില്ല. എന്നാൽ ഒന്നുകിൽ നോട്ടീസ് വേണം. 'എന്നാൽ ഒന്നുകിൽ പരാതി കൂടാതെയോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സംഗതിയുടെ പരാമർശത്തോടുകൂടിയ റിപ്പോർട്ട് കമ്മിറ്റിക്ക് മടക്കി അയയ്ക്കേണ്ടതാണ്' എന്ന ഭേദഗതി അവതരിപ്പിക്കാവുന്നതാണ്. എന്നു മാത്രമല്ല ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി അരമണിക്കൂറിലധികം നീക്കിവയ്ക്കാൻ പാടില്ലാത്തതുമാണ്. അപ്രകാരമുള്ള ഉപക്ഷേപത്തിൽ നടപടിക്രമം എന്താണെന്നാണ് പറയുന്നത്. അപ്പോൾ ഉപക്ഷേപം ഇവിടെ വരണം. അത് ബി.എ.സി.-ക്ക് മടക്കി അയയ്ക്കണമോ വേണ്ടയോ അത് വേറെ വിഷയം. സർക്കുലേറ്റ് ചെയ്യണം. സർക്കുലേഷനിൽ കിട്ടിയതിനുശേഷം ഞങ്ങൾക്ക് അതിന്മേൽ ഭേദഗതി തരാൻ അവകാശമുണ്ട്. ബി.എ.സി. ഇന്നലെ ഈ വിഷയം ചർച്ച ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ് ഇന്നലെ അവിടെ ഗവൺമെന്റിനുവേണ്ടി കാര്യങ്ങൾ പറഞ്ഞത്. ബി.എ.സി.-യിൽ എല്ലാവരുംകൂടി യുനാനിമസ്സായി ഇക്കാര്യത്തിൽ തീരുമാനം എടുത്തു. അങ്ങനെ വന്ന റിപ്പോർട്ടാണ് ഇത്. ആ റിപ്പോർട്ട് ഇപ്പോൾ ഈ നിലയിൽ ചർച്ച നടത്തണമെങ്കിൽ നടത്താം. ഇന്നലെ ബി.എ.സി.-യിൽ വച്ച് അതിന് സമയം കണ്ടെത്താമായിരുന്നല്ലോ? 21-ാം തീയതി സഭ പിരിയാൻ വേണ്ടി അന്ന് അപ്രോപ്രിയേഷൻ ബിൽ ഒന്നിച്ചെടുക്കണമെന്നു തീരുമാനിച്ചതിനുശേഷം ഇപ്പോൾ മന്ത്രി പറയുന്നു. 21-ാം തീയതി ഡേറ്റ് കണ്ടെത്താം എന്ന്. അത് ശരിയല്ല. സഭയുടെ സമയം അങ്ങനെ ബി.എ.സി. തീരുമാനിച്ചതിനുശേഷം പിന്നീട് സഭയ്ക്കുവേണ്ടി തീരുമാനം എടുത്ത് പിന്നീട് അമെന്റ് മെന്റ് കൊണ്ടുവരുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly